5. എച്ച്.വി.എ.സി (റാഡിനാർ ഡക്ട്ഫ്രീ), എ.സി.

6. എലിവേറ്റർ മുതലായവ പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുന്നു. ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാം എന്ന കരാറിൽ എച്ച്. എൻ.എൽ. പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സിവിൽ വർക്കുകളിൽ ഉൾപ്പെടുന്ന ഓപ്പറേഷൻ തീയേറ്റർ റിനവേഷൻ, ഇന്റേണൽ മോഡിഫിക്കേഷൻ തുടങ്ങിയ വർക്കുകളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. രണ്ടും മൂന്നും നിലകളുടെ നിർമ്മാണം തുടങ്ങിയിട്ടില്ല. ഇതിനുള്ള സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ അധിക തസ്തികകളും സൃഷ്ടിക്കേണ്ടതായുണ്ട്.

(സി) സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാനാവുന്നതാണ്.

വെള്ളിനല്ലൂർ സർക്കാർ ആശുപത്രിയുടെ വികസനം

38 (6743) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളിനല്ലൂർ സർക്കാർ ആശുപത്രിയുടെ വികസനത്തിനുവേണ്ടി എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വെള്ളിനല്ലൂർ ആശുപത്രിയിലേക്ക് ഒരു ആംബുലൻസ് വാങ്ങുന്നതിനുള്ള തുക അനുവദിക്കുമോ ?

ഉത്തരം

(എ) സെപ്റ്റിക് ടാങ്ക് നിർമ്മിച്ചു. ഇൻവെർട്ടർ സ്ഥാപിച്ചു. ടോക്കൺ സമ്പ്രദായം നിലവിൽ വരുത്തി. ഫർണിച്ചർ വാങ്ങി. കൂടാതെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, കേടായ ഉപകരണങ്ങൾ പണിതു. ബി.പി. ബ്ലോക്കിലേക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്തു.

(ബി) നിലവിൽ ഡ്രൈവറുടെ തസ്തികയില്ല. ഡ്രൈവറുടെ ശമ്പളവും ആംബുലൻസിനുണ്ടാകുന്ന ആവർത്തന ചെലവും ലഭ്യമാക്കാനുള്ള സ്രോതസ്സ് കണ്ടെത്തിയാൽ മാത്രമേ ആംബുലൻസ് വാങ്ങുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

എല്ലാ ബ്ലോക്കുകളിലും ഒരു സ്പെഷ്യാലിറ്റി ആശുപത്രി

39 (6744) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും ഒരു സ്പെഷ്യാലിറ്റി ആശുപത്രി സംവിധാനമൊരുക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly